പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3208 — 19-06-2019-ലെ മറുപടിയ്ക്ക്

## കടക്കെണി മൂലം ആത്മഹത്യ ചെയ്ത കർഷകർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| **(എ)** | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടക്കെണി മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് സർക്കാർ എന്തൊക്കെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | **(എ)** | ഇടുക്കി ജില്ലയിൽ ആത്മഹത്യ ചെയ്ത ഒൻപത് കർഷകരുടെ ആശ്രിതർക്കായി ആകെ 29 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ ആശ്രിതർക്ക് സഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| **(ബി)** | സർക്കാർ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടും സംസ്ഥാനത്തെ ചില ബാങ്കുകൾ ജപ്തി നടപടികളുമായി മുന്നോട്ട് പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | **(ബി)** | ഉണ്ട്. കർഷകർ പൊതു മേഖല വാണിജ്യ സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗ സംരക്ഷണം ഉൾപ്പെടെയുള്ള വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31.12.2019 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ടി വിഷയം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഒരു പ്രത്യേക അജണ്ടയായി ചർച്ച ചെയ്ത്, ജപ്തി നടപടികൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ